# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2279**

**09.03.2018-ൽ മറുപടിയ്ക്ക്**

## സിനിമാ തീയേറ്റർ സമുച്ചയങ്ങൾ സ്ഥാപിക്കുവാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് നൂറ് സിനിമാ തീയേറ്റർ സമുച്ചയങ്ങൾ സ്ഥാപിക്കുവാൻ പദ്ധതിയിട്ടിരുന്നോ; എങ്കിൽ ഇതിനകം എത്ര തീയേറ്ററുകളുടെ പണി പൂർത്തിയാക്കി; എത്രയെണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു; | (എ) | 2017-18 ലെ ബജറ്റ് പ്രസംഗത്തിൽ KIIFB യുടെ സാമ്പത്തിക സഹായത്തോടെ 100 കോടി രൂപ ചെലവിൽ കേരള സംസ്ഥാനമൊട്ടാകെ സിനിമാ തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ കിഫ്ബിയുടെ 100 കോടി രൂപ ഫണ്ടുപയോഗിച്ച് 20 തിയേറ്റർ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ കെ.എസ്.എഫ്.ഡി.സി ആരംഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമായ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്കു കീഴിലുള്ള 17 കേന്ദ്രങ്ങളിൽ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള വിശദ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) കൺസൾട്ടൻസി സ്ഥാപനമായ കിറ്റ്കോ തയ്യാറാക്കി വരികയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| (ബി) | ഇതിനായി പഞ്ചായത്തുകൾ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പഞ്ചായത്തുകൾ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ട്; | (ബി) | പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. |
| (സി) | എന്ത് തുകയാണ് ഈ പദ്ധതിക്കായി മുതൽ മുടക്കുവാൻ നിശ്ചയിച്ചിരുന്നത്; അതിൽ എത്ര തുക ഇതിനകം ചെലവാക്കിയെന്ന് വെളിപ്പെടുത്തുമോ? | (സി) | 100 കോടി രൂപയാണ് പദ്ധതിയ്ക്ക് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി ഡി.പി.ആർ തയ്യാറാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തി ആരംഭിക്കുന്നതോടെ മാത്രമെ തുക ചെലവഴിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ